# ഗവൺമെന്റ് ഹൈസ്കൂൾ മാതമംഗലം

നായ്ക്കട്ടി പി.ഒ, സുൽത്താൻ ബത്തേരി. വയനാട്- 673592

ഫോൺ :04936 270060. Email : ghsmathamangalam@gmail.com

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26









# അണിയറയിൽ

**ശ്രീ. കുട്ടികൃഷ്ണൻ സി വി (ഹെഡ്മാസ്റ്റർ)**

*ശ്രീ. അനിൽ സി (പി.ടി.എ പ്രസിഡണ്ട്)*

*ശ്രീമതി. സബിത സിനീഷ് (എം.പി.ടി.എ പ്രസിഡണ്ട്)*

*ശ്രീമതി. ശ്രീജ (സ്റ്റാഫ് സെക്രട്ടറി)*

*ഡോ. പി വി ബിജു (മാസ്റ്റർപ്ലാൻ കൺവീനർ)*

## സബ്ജക്ട് കൺവീനർമാർ

| വിഷയം | ഹൈസ്കൂൾ | യു പി |
|---|---|---|
| മലയാളം | ഡോ.പി വി ബിജു | സുജാത |
| ഇംഗ്ലീഷ് | ഷിനോയ് ജേക്കബ് | ഷബാനത്ത് |
| ഹിന്ദി | ഷിബു കെ കെ | ജയലക്ഷ്മി പി കെ |
| ഫിസ്ക്സ് | ആനി മെറീന ബി | സൗമ്യ സുമിൻ |
| ബയോളജി | ജീജമോൾ സി | സൗമ്യ സുമിൻ |
| കെമിസ്ട്രി | ആനി മെറീന ബി | സൗമ്യ സുമിൻ |
| സോഷ്യൽ സയൻസ് | രാജു ബി | മായ വി |
| ഗണിതം | കവിത കെ എസ് | സിന്ധു കെ |
| ഐ.ടി | ജീജമോൾ സി | ഉണ്ണി |

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ആമുഖം | ........................................................ | 1 |
| ലക്ഷ്യങ്ങൾ | ........................................................ | 1 |
| സ്കൂൾ ചരിത്രം | ........................................................ | 2 |
| മികവുകൾ ഒറ്റനോട്ടത്തിൽ | ........................................................ | 3 |
| അധ്യാപക വിവരങ്ങൾ | ........................................................ | 5 |
| ആറാം പ്രവർത്തിദിനകണക്ക് | ........................................................ | 7 |
| അവസ്ഥാവിശകലനം | ........................................................ | 8 |
| സ്കൂൾ പ്രൊഫോർമ | ........................................................ | 9 |
| വിഷയമേഖലകൾ- അക്കാദമികം | | |
| എൽ.പി വിഭാഗം | ........................................................ | 10 |
| യു പി വിഭാഗം | ........................................................ | 13 |
| ഹൈസ്കൂൾ വിഭാഗം | ........................................................ | 24 |
| ഭൗതികമേഖല | ........................................................ | 38 |
| ഫണ്ടുകൾ | ........................................................ | 40 |
| സാമൂഹികം | ........................................................ | 43 |
| പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ | ........................................................ | 44 |
| ഉപസംഹാരം | ........................................................ | 46 |

# ആമുഖം

സമഗ്രഗുണമേന്മാവിദ്യാഭ്യാസം അതിന്റെ പരമമായ അർഥത്തിൽ സാക്ഷാത്കരിക്കുന്നതിനുവേണ്ടി ശാസ്ത്രീയമായ രീതിയിൽ ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന പദ്ധതികളാണ് ഇതിലൂടെ മുന്നോട്ടു വെയ്ക്കുന്നത്. മാതമംഗലം പ്രദേശത്തെ നിവാസികളുടെ തദ്ദേശീയമായ കഴിവുകൾക്കൊപ്പം വിദ്യാഭ്യാസമികവും ലക്ഷ്യംവെയ്ക്കുന്ന മാതൃകാസ്കൂൾ തന്നെയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പുതിയ കാലത്തിന്റെ വളർച്ചയ്ക്കനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർപ്ലാനിൽ ഉൾച്ചേർത്തിരിക്കുന്നത്. വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർഥികളെ നയിക്കുന്നതിൽ സുപ്രധാനപങ്കാണ് വായനയ്ക്കുള്ളത്.

പാഠപുസ്തകങ്ങൾപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയുംവിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2025-26 അധ്യയനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായനാസംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം വെയ്ക്കുന്നത്.

# ലക്ഷ്യങ്ങൾ

- 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.
- കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.
- അക്കാദമിക്-ഭൗതികമേഖലകളിൽ മാതൃകാവിദ്യാലയമാക്കുക.

- പ്രദേശത്തെ മുഴുവൻ വിദ്യാർഥികളുടെയും പഠനകേന്ദ്രമാക്കി മാതമംഗലം സ്കൂളിനെ മാറ്റുക. പഠനപിന്നാക്കക്കാർക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനോടൊപ്പം പ്രതിഭാപോഷണത്തിനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കുക
- പ്ലാസ്റ്റിക് - കീടനാശിനി- ലഹരിമുക്ത ക്യാമ്പസിന് മുൻതൂക്കം നൽകുക.
- മതനിരപേക്ഷവും ജനാധിപത്യപരവുമായ സംസ്കാരം വികസിക്കുന്നതിനാവശ്യമായ മൂല്യബോധത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- വിദ്യാഭ്യാസത്തോടൊപ്പംതന്നെ കുട്ടികളുടെ കായികവും കലാപരവുമായ നൈപുണികൾ വികസിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- 2030 ആകുമ്പോഴേയ്ക്കും മികവിന്റെ കേന്ദ്രമാക്കി (Centre for Excellence) മാതമംഗലം സ്കൂളിനെ മാറ്റിയെടുക്കുക.
- ജനകീയ പിന്തുണയോടെ വിദ്യാലയപ്രവർത്തനങ്ങൾ ആകർഷകമാക്കുക.
- സാമൂഹികബോധവും സ്വത്വബോധവും ലഭിക്കുന്നതിനാവശ്യമായ ബഹുമുഖഇടപെടലുകൾക്ക് സാഹചര്യം സൃഷ്ടിക്കുക.
- പിന്നാക്ക(എസ്.സി/എസ്.ടി) വിഭാഗത്തിലുള്ള കുട്ടികൾക്ക് ഉയർന്നതരത്തിലുള്ള വിദ്യാഭ്യാസവും അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽനിന്ന് പുതിയ തലമുറയെ വിടുതൽ ചെയ്യാനുള്ള ഇടപെടലുകൾ നടത്തുക.

## സ്കൂൾചരിത്രം

1959 ൽ ആരംഭിച്ച് അനന്തതലമുറകൾക്ക് വിജ്ഞാനത്തിന്റേയും വിവേകത്തിന്റേയും പ്രകാശധാര പകർന്നു നൽകിയ മാതമംഗലം ഗവ.ഹൈസ്കൂൾ വികസനപാതയുടെ മറ്റൊരു നാഴികക്കല്ല് താണ്ടുകയാണ്. 1960 കളിൽ വിദ്യാഭ്യാസം നേടുക എന്നത് സ്വപ്നത്തിൽപോലും ചിന്തിക്കാൻ കഴിയാത്ത കാലഘട്ടത്തിലാണ് മാതമംഗലം എന്ന കോളനൈസേഷൻ പ്രദേശത്ത് ഒരു എൽ.പി സ്കൂൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചത്. ജീവിതത്തിന്റെ നേർധാരയിലേയ്ക്ക് ജനതയെ കൈപിടിച്ചുയർത്തുവാൻ വേണ്ടിയുള്ള ഒരു പ്രദേശത്തിന്റെ ലാഭേച്ഛയില്ലാത്ത കൂട്ടായ്മയുടെ ഫലം കൂടിയായിരുന്നു അത്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത്, സ്കൂളുകളുടെ അഭാവത്തിലും മറ്റും വിദ്യാഭ്യാസത്തിൽ പിന്നാക്കം നിൽക്കുന്ന ആദിവാസികളും പിന്നാക്കക്കാരും കൂടുതലുള്ള പ്രദേശത്തിൽ '*താല്കാലിക കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയാൽ ഒരു അധ്യാപകനെ നിശ്ചയിച്ച് കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകാനുള്ള സൗകര്യം ചെയ്യുന്നതാണെന്ന്*' വിദ്യാഭ്യാസ വകുപ്പിൽ നിന്നും അറിയിപ്പ് ലഭിച്ചു.

വിദ്യാഭ്യാസവകുപ്പിൽ നിന്നും ലഭിച്ച അറിയിപ്പിനെ തുടർന്ന് സമീപവാസിയായ അന്നത്തെ നൂൽപ്പുഴ അംശം മേനോൻ പി.കെ.കുഞ്ഞിക്കണ്ണകുറുപ്പിന്റെ മേൽനോട്ടത്തിൽ മാതൃഭൂമി ലേഖകനും കോളനിസ്റ്റുമായിരുന്ന എം.പി.നായർ എന്നറിയപ്പെട്ടിരുന്ന എം.പ്രഭാകരൻ നായർ, കോളനിക്കാരായ അപ്പുക്കുട്ടൻ മാസ്റ്റർ, കുട്ടാപ്പി മാസ്റ്റർ അതുപോലെ മൂപ്പൻ മാളപ്പുര കറുപ്പക്കാ മുള്ളൻ മൂപ്പൻ, പൊതയൻ മൂപ്പൻ, ബിച്ചാരത്ത് വാസു തുടങ്ങി ഒരുപാട് വ്യക്തി കളുടെ സഹായസഹകരണത്തോടുകൂടി ഇപ്പോഴത്തെ സ്ഥിരം കെട്ടിടത്തിനു തൊട്ടടുത്ത് പുരാതനക്ഷേത്രങ്ങളുടെ മദ്ധ്യത്തിലായി ഈ പ്രദേശത്തിനുവേണ്ടിയുള്ള സ്കൂളിന്റെ താല്കാലിക കെട്ടിടം ഒരാഴ്ചകൊണ്ട് പൂർത്തീകരിക്കുവാൻ സാധിച്ചു. ത്രിപദ്മനാഭക്കുറുപ്പ് അവർകളെ സ്കൂളിലെ ആദ്യത്തെ ഏകാദ്ധ്യാപകനായി നിയമിച്ചുകൊണ്ട് നിശ്ചിതതീയ്യതിക്ക് തന്നെ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു.

സ്കൂളിന്റെ ഉദ്ഘാടനം അന്നത്തെ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറാണ് നിർവ്വഹിച്ചത്. പിന്നീട് സ്കൂൾ മാനേജ്മെൻറ് ഏറ്റെടുത്ത് നടത്താൻ ശ്രീ.പി കെ കുഞ്ഞിക്കണ്ണക്കുറുപ്പിനോട് വകുപ്പ് ആവശ്യപ്പെട്ടെങ്കിലും സ്വന്തമായോ, കമ്മറ്റി രൂപീകരിച്ചോ ഏറ്റെടുത്ത് നടത്താൻ അദ്ദേ ഹം തയ്യാറായില്ല. അങ്ങനെ ഈ സ്കൂൾ സർക്കാർ ഉടമസ്ഥതയിലായി. 1961 കാലഘട്ടത്തിൽ ആദ്യമായി ആസ്ബറ്റോസ് കെട്ടിടം സർക്കാർ നിർമ്മിച്ചു നൽകി. ഇവിടെ നിന്നാണ് മാതമം ഗലം സ്കൂളിന്റെ വളർച്ചയുടെ തുടക്കം കുറിക്കപ്പെട്ടത്. യു.പി വിഭാഗം 1964-ൽ ആരംഭിച്ചു. ആ വളർച്ചയുടെ തുടർച്ചയായി 2011 ൽ RMSA പദ്ധതി പ്രകാരം യു.പി.സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുകയും 6 മുറികളുള്ള ഒരു ഹൈസ്കൂൾ കെട്ടിടം സർക്കാർ നിർമ്മിച്ചു നൽകുകയും ചെയ്തു.

## മികവുകൾ ഒറ്റനോട്ടത്തിൽ

വയനാട് ജില്ലയിലെ പ്രാദേശികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന മാതമംഗലം ഗവ.ഹൈസ്കൂളിൽ എല്ലാ അധ്യയനവർഷവും 60% ൽ കൂടുതൽ ട്രൈബൽ കുട്ടികൾ ആണ് പഠനം നടത്തുന്നത്. മികച്ച പരിശീലനത്തിലൂടെ ഈ കുട്ടികൾ പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തുന്നുണ്ട്.

- 2018 വർഷത്തെ സിവിൽ സർവ്വീസ് പരീക്ഷയിൽ 514-മത്തെ റാങ്ക് കരസ്ഥമാക്കിയ ഹസ്സൻ ഹുസൈദ് എൻ. എ മാതമംഗലം ഗവ.ഹൈസ്കൂളിലെ പൂർവ്വവിദ്യാർത്ഥിയാണ്.
- 2020 വർഷമാണ് ആദ്യത്തെ ഇംഗ്ലീഷ് മീഡിയം ബാച്ച് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നത്. 100% വിജയവും കരസ്ഥമാക്കി.
- കഴിഞ്ഞ വർഷത്തെ (2024-25) SSLC പരീക്ഷയിൽ 100% വിജയവും 4 full A+ഉം 1 8A+ (ST വിഭാഗം) ഉം കരസ്ഥമാക്കാൻ ഈ സ്കൂളിലെ കുട്ടികൾക്കായിട്ടുണ്ട്.
- LSS, USS, NMMS, സംസ്കൃതം, ഉറുദു എന്നീ സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ചവിജയം എല്ലാവർഷവും മാതമംഗലം സ്കൂളിലെ കുട്ടികൾ നേടാറുണ്ട്.

**കഴിഞ്ഞ് മൂന്ന് വർഷത്തെ എസ്.എസ്.എൽ.സി വിജയശതമാനം**

| **വർഷം** | **കുട്ടികളുടെ എണ്ണം** | | | **വിജയശതമാനം** |
|---|---|---|---|---|
| | ആൺ | പെൺ | ആകെ | |
| 2022-23 | 24 | 28 | 52 | 100% |
| 2023-24 | 34 | 44 | 78 | 84% |
| 2024-25 | 28 | 26 | 54 | 100% |

## അധ്യാപക-അനധ്യാപക കണക്കുകൾ

മാതമംഗലം ഗവ.ഹൈസ്കൂളിന്റെ പ്രീ-പ്രൈമറി വിഭാഗത്തിൽ എല്ലാ വർഷവും 35 മുതൽ 45 വരെ കുട്ടികൾ പുതുതായി അഡ്മിഷൻ നേടാറുണ്ട്. 2016 വരെ ഒരു പ്രീ-പ്രൈമറി അധ്യാപിക മാത്രമായിരുന്നു. എന്നാൽ കുട്ടികളുടെ പാഠ്യ-പാഠ്യേതരമികവ് മെച്ചപ്പെടുത്തുന്നതിനു വേണ്ടി 2017 മുതൽ PTA കമ്മിറ്റി ഒരു അധ്യാപികയെ നിയമിച്ചുപോരുന്നു. 2025-26 വർഷത്തിൽ സ്കൂളിലെ LP, UP, HS, Office Staff, Supporting staff എന്നിവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | 2025-26 |
|---|---|
| പ്രീ-പ്രൈമറി | 2 |
| എൽ.പി വിഭാഗം | 9 |
| യു.പി. വിഭാഗം | 9 |
| ഹൈസ്കൂൾ വിഭാഗം | 9 |
| ആകെ | 27 |
| ഓഫീസ് സ്റ്റാഫ് | 5 |

## 2025-26 അധ്യയനവർഷത്തിൽ മാതമംഗലം സ്കൂളിലെ അധ്യാപകരുടെ വിവരങ്ങൾ

| | പേര് | തസ്തിക | യോഗ്യത |
|---|---|---|---|
| 1 | കുട്ടികൃഷ്ണൻ സി വി | ഹെഡ്മാസ്റ്റർ | ബി.എ., ബി.എഡ്. |
| 2 | ശ്രീ.രാജു.ബി | എച്ച്.എസ്.ടി.സോഷ്യൽ സയൻസ് | ബി.എ., ബി.എഡ് |
| 3 | ശ്രീമതി. ജീജമോൾ. സി | എച്ച്.എസ്.ടി.നാച്ചുറൽ സയൻസ് | എം.എസ്.സി., എം.ഫിൽ., ബി.എഡ് |
| 4 | ആനി മെറീന ബി | എച്ച്.എസ്.ടി,നാച്ചുറൽ സയൻസ് | എം.എ., ബി.എഡ് |
| 5 | ഡോ.പി.വി ബിജു | എച്ച് എസ് ടി മലയാളം | എം.എ.,എം.ഫിൽ,ബി.എഡ്., പി.എച്ച്.ഡി |
| 6 | ശ്രീ.ഷിബു കെ കെ | എച്ച് എസ് ടി ഹിന്ദി | ബി.എ., ബി.എഡ് |
| 7 | ശ്രീമതി. സനിത എം | എച്ച് എസ് ടി മാത്സ് | ബി.എസ്.സി,എം.എസ്.സി, ബി.എഡ് |
| 8 | ശ്രീ.ഷിനോയ് ജേക്കബ് | എച്ച് എസ് ടി ഇംഗ്ലീഷ് | എം.എ., ബി.എഡ് |
| 9 | ശ്രീമതി. കവിത | എച്ച് എസ് ടി മാത്സ് | എം.എസ്.സി., ബി.എഡ് |
| 10 | ശ്രീമതി.സുജാത | യു.പി.എസ്.റ്റി | ബി.എ., ബി,എഡ് |
| 11 | ശ്രീമതി. സിന്ധു.കെ | യു.പി.എസ്.റ്റി | എം.എ., ടിടിസി |
| 12 | ശ്രീമതി. ഷബാനത്ത് | യു.പി.എസ്.റ്റി | ബി.എ, ടിടിസി |
| 13 | ശ്രീ. ഉണ്ണി | യു.പി.എസ്.റ്റി | ബി.എ, ബി.എഡ് |
| 14 | ശ്രീമതി. ജയലക്ഷ്മി | യു.പി.എസ്.റ്റി | എം.എ, ബി.എഡ് |
| 15 | ശ്രീമതി. മായ വി എസ് | യു.പി.എസ്.റ്റി | ബി.എ, എം.എ, ബി.എഡ് |
| 16 | ശ്രീമതി.നീതു സെബാസ്റ്റ്യൻ | യു.പി.എസ്.റ്റി | എം.എ, ബി.എഡ് |

| | | | |
|---|---|---|---|
| 17 | ശ്രീമതി. സൗമ്യ സുമിൻ | യു.പി.എസ്.റ്റി | എം.എ, ബി.എഡ് |
| 19 | ശ്രീമതി.അംബിക.കെ എം | എൽ.പി.എസ്.റ്റി | ബി.എ., ടിടിസി |
| 20 | ശ്രീമതി. ചിത്രലേഖ.സി.ജി | എൽ.പി.എസ്.റ്റി | പ്ലസ്.ടു., ടിടിസി |
| 21 | ശ്രീമതി.ജെസ്ന എം സി | എൽ.പി.എസ്.റ്റി | എം.എ., ടിടിസി |
| 22 | ശ്രീമതി. അന്ന വർഗീസ് | എൽ.പി.എസ്.റ്റി | എം.എസ്.സി, ബി.എഡ് |
| 23 | ശ്രീമതി. സ്വാതി ഭായി | എൽ.പി.എസ്.റ്റി | ബി.എസ്.സി.,ബി.എഡ്., ടിടിസി |
| 24 | ശ്രീമതി. അനിത.കെ.പി | എൽ.പി.എസ്.റ്റി | ബി.എസ്.സി., ടിടിസി |
| 25 | ശ്രീമതി. നിഷ.കെ.എൻ | എൽ.പി.എസ്.റ്റി | ബി.എ.,ബി.എഡ്., ടിടിസി |
| 26 | ശ്രീമതി. ശ്രീജ പി | എൽ.പി.എസ്.ടി | അഫസൽ-അൽ- ഉലമ പ്രിലിമിനറി |
| 27 | ശ്രീമതി. റുഫീല പി എ | എൽ.പി.എസ്.ടി | പ്ലസ് ടു, ടി.ടി.സി |
| 28 | ശ്രീമതി. ലത എ ജി | പ്രീ-പ്രൈമറി | ബി.എ, ടിടിസി(പ്രീപ്രൈമറി) |
| 29 | ശ്രീമതി. ജെസ്ന | പ്രീ-പ്രൈമറി | പ്ലസ്.ടു, ടിടിസി(പ്രീപ്രൈമറി) |
| 30 | ശ്രീമതി. ശ്രീജ സി ബി | മെന്റർ അധ്യാപിക | പ്ലസ് ടു, ടി.ടി.സി, ജെ.ഡി.സി |
| 31 | ശ്രീമതി. ഷൈനി എം | എച്ച്.എസ്.ടി മലയാളം (ദിവസവേതനാടിസ്ഥാനത്തിൽ) | |
| 32 | ശ്രീമതി. നസിയ കെ | യു പി എസ് ടി (ദിവസവേതനാടിസ്ഥാനത്തിൽ) | |

| അനധ്യാപകർ | | |
|---|---|---|
| 1 | ശ്രീമതി. നിമിഷ | ക്ലാർക്ക് |
| 2 | ശ്രീമതി. ദീപ ഇ കെ | OA |
| 3 | ശ്രീമതി. സ്മിത വി | OA |
| 4 | ശ്രീമതി. ഗീത | FTM |
| 5 | ശ്രീമതി. ശാന്ത | ആയ |
| 6 | ശ്രീമതി ബിന്ദു | പാചകവിദഗ്ദ |

# 2025-26 ലെ ആറാം പ്രവർത്തിദിനകണക്ക്

ആറാം അദ്ധ്യയനദിനം 10 ജൂൺ 2025

## വിദ്യാർഥികളുടെ എണ്ണം

| STD | DIVS | TOTAL | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC (OTHER THAN MUSLIM) | | | OTHERS | | | APL | | | BPL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 1 | 2 | 12 | 24 | 36 | 1 | 1 | 2 | 6 | 16 | 22 | 1 | 4 | 5 | 1 | 1 | 2 | 2 | 0 | 2 | 1 | 2 | 3 | 4 | 5 | 9 | 8 | 19 | 27 |
| 2 | 2 | 16 | 16 | 32 | 3 | 2 | 5 | 9 | 6 | 15 | 3 | 3 | 6 | 0 | 1 | 1 | 1 | 4 | 5 | 0 | 0 | 0 | 3 | 4 | 7 | 13 | 12 | 25 |
| 3 | 2 | 15 | 17 | 32 | 0 | 3 | 3 | 11 | 7 | 18 | 2 | 4 | 6 | 0 | 2 | 2 | 1 | 1 | 2 | 1 | 0 | 1 | 4 | 7 | 11 | 11 | 10 | 21 |
| 4 | 2 | 16 | 17 | 33 | 1 | 1 | 2 | 12 | 11 | 23 | 3 | 4 | 7 | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 3 | 2 | 5 | 13 | 15 | 28 |
| 5 | 3 | 33 | 28 | 61 | 3 | 2 | 5 | 13 | 17 | 30 | 15 | 8 | 23 | 0 | 0 | 0 | 2 | 1 | 3 | 0 | 0 | 0 | 11 | 3 | 14 | 22 | 25 | 47 |
| 6 | 2 | 28 | 32 | 60 | 3 | 2 | 5 | 13 | 17 | 30 | 9 | 11 | 20 | 0 | 0 | 0 | 3 | 2 | 5 | 0 | 0 | 0 | 9 | 11 | 20 | 19 | 21 | 40 |
| 7 | 2 | 36 | 25 | 61 | 5 | 1 | 6 | 15 | 14 | 29 | 12 | 9 | 21 | 0 | 0 | 0 | 2 | 1 | 3 | 2 | 0 | 2 | 6 | 10 | 16 | 30 | 15 | 45 |
| 8 | 2 | 21 | 26 | 47 | 2 | 1 | 3 | 6 | 17 | 23 | 9 | 8 | 17 | 0 | 0 | 0 | 4 | 0 | 4 | 0 | 0 | 0 | 4 | 8 | 12 | 17 | 18 | 35 |
| 9 | 2 | 31 | 25 | 56 | 2 | 1 | 3 | 18 | 12 | 30 | 8 | 9 | 17 | 1 | 1 | 2 | 1 | 2 | 3 | 1 | 0 | 1 | 9 | 11 | 20 | 22 | 14 | 36 |
| 10 | 2 | 30 | 26 | 56 | 1 | 3 | 4 | 13 | 11 | 24 | 16 | 10 | 26 | 0 | 0 | 0 | 0 | 2 | 2 | 0 | 0 | 0 | 7 | 7 | 14 | 23 | 19 | 42 |
| Total | | 238 | 236 | 474 | 21 | 17 | 38 | 116 | 128 | 244 | 78 | 70 | 148 | 2 | 5 | 7 | 16 | 14 | 30 | 5 | 2 | 7 | 60 | 68 | 128 | 178 | 168 | 346 |

## മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| STD | MALAYALAM | | | ENGLISH | | | TAMIL | | | KANNADA | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 5 | 11 | 16 | 7 | 13 | 20 | 0 | 0 | 0 | 0 | 0 | 0 | 12 | 24 | 36 |
| 2 | 6 | 5 | 11 | 10 | 11 | 21 | 0 | 0 | 0 | 0 | 0 | 0 | 16 | 16 | 32 |
| 3 | 9 | 5 | 14 | 6 | 12 | 18 | 0 | 0 | 0 | 0 | 0 | 0 | 15 | 17 | 32 |
| 4 | 10 | 7 | 17 | 6 | 10 | 16 | 0 | 0 | 0 | 0 | 0 | 0 | 16 | 17 | 33 |
| 5 | 17 | 14 | 31 | 16 | 14 | 30 | 0 | 0 | 0 | 0 | 0 | 0 | 33 | 28 | 61 |
| 6 | 14 | 17 | 31 | 14 | 15 | 29 | 0 | 0 | 0 | 0 | 0 | 0 | 28 | 32 | 60 |
| 7 | 14 | 11 | 25 | 22 | 14 | 36 | 0 | 0 | 0 | 0 | 0 | 0 | 36 | 25 | 61 |
| 8 | 7 | 12 | 19 | 14 | 14 | 28 | 0 | 0 | 0 | 0 | 0 | 0 | 21 | 26 | 47 |
| 9 | 21 | 11 | 32 | 10 | 14 | 24 | 0 | 0 | 0 | 0 | 0 | 0 | 31 | 25 | 56 |
| 10 | 17 | 12 | 29 | 13 | 14 | 27 | 0 | 0 | 0 | 0 | 0 | 0 | 30 | 26 | 56 |
| Total | 120 | 105 | 225 | 118 | 131 | 249 | 0 | 0 | 0 | 0 | 0 | 0 | 238 | 236 | 474 |

## ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം

| STD | ARABIC | | | URUDU | | | KONKINI | | |
|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 2 | 7 | 9 | 0 | 0 | 0 | 0 | 0 | 0 |
| 2 | 6 | 7 | 13 | 0 | 0 | 0 | 0 | 0 | 0 |
| 3 | 5 | 8 | 13 | 0 | 0 | 0 | 0 | 0 | 0 |
| 4 | 7 | 7 | 14 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 20 | 29 | 49 | 0 | 0 | 0 | 0 | 0 | 0 |

## ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| STD | MALAYALAM | | | SANSKRIT | | | ARABIC | | | URDU | | | GUJARATHI | | | TAMIL | | | KANNADA | | | ADT. HINDI | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 1 | 12 | 24 | 36 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 12 | 24 | 36 |
| 2 | 16 | 16 | 32 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 16 | 16 | 32 |
| 3 | 15 | 17 | 32 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 15 | 17 | 32 |
| 4 | 16 | 17 | 33 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 16 | 17 | 33 |
| 5 | 13 | 13 | 26 | 12 | 9 | 21 | 0 | 0 | 0 | 8 | 6 | 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 33 | 28 | 61 |
| 6 | 17 | 11 | 28 | 8 | 11 | 19 | 0 | 0 | 0 | 3 | 10 | 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 28 | 32 | 60 |
| 7 | 13 | 13 | 26 | 13 | 8 | 21 | 0 | 0 | 0 | 10 | 4 | 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 36 | 25 | 61 |
| 8 | 21 | 26 | 47 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 21 | 26 | 47 |
| 9 | 31 | 25 | 56 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 31 | 25 | 56 |
| 10 | 30 | 26 | 56 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30 | 26 | 56 |
| Total | 184 | 188 | 372 | 33 | 28 | 61 | 0 | 0 | 0 | 21 | 20 | 41 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 238 | 236 | 474 |

| അവസ്ഥാവിശകലനം | |
|---|---|
| ക്ലാസ് | കുട്ടികളുടെ എണ്ണം |
| എൽ.കെ.ജി | 10 |
| യു.കെ.ജി | 15 |
| 1 | 36 |
| 2 | 32 |
| 3 | 32 |
| 4 | 33 |
| 5 | 61 |
| 6 | 60 |
| 7 | 61 |
| 8 | 47 |
| 9 | 56 |
| 10 | 56 |
| **ആകെ** | **474** |

# സ്കൂൾ പ്രൊഫോർമ (Academic Year 2025-26)

## വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ്, തിരുവനന്തപുരം

**റവന്യൂ ജില്ലയുടെ പേര്: വയനാട്**

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | ജി.എച്ച്.എസ് മാതമംഗലം |
| 2. വിലാസം | മാതമംഗലം |
| 3. ഫോൺ നമ്പർ | 04936 270060 |
| 4. ഇ-മെയിൽ വിലാസം | ghsmathamangalam@gmail.com |
| 5. സ്കൂൾ കോഡ്/ UDISE CODE | 15072 / 32030201001 |
| 6. സ്കൂൾ തരം(ആൺകുട്ടികൾ/പെൺകുട്ടികൾ) | രണ്ടും കൂടിയുള്ളത് |
| 7. ക്ലാസ് (സ്റ്റാൻഡേർഡ്) | ആരംഭം: പ്രീപ്രൈമറി അവസാനം: 10 |
| 8. സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് | സർക്കാർ |
| 9. സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | ജനറൽ എഡ്യൂക്കേഷൻ |
| 10. വിദ്യാഭ്യാസജില്ല | വയനാട് |
| 11. വിദ്യാഭ്യാ ഉപജില്ല | സുൽത്താൻ ബത്തേരി |
| 12. സ്കൂൾ സ്ഥാപിച്ച വർഷം | 1956 |
| 13. അസംബ്ലി നിയോജകമണ്ഡലം | സുൽത്താൻ ബത്തേരി |
| 14. പാർലമെന്റ് നിയോജകമണ്ഡലം | വയനാട് |
| 15. റൂറൽ/ അർബൻ | അർബൻ |
| 16. ബ്ലോക്ക് പഞ്ചായത്ത് | സുൽത്താൻ ബത്തേരി |
| 17. താലൂക്ക് | സുൽത്താൻ ബത്തേരി |
| 18. വില്ലേജ് | കുപ്പാടി |
| 19. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് |

# എൽ.പി വിഭാഗം

## ഉപമേഖല :ഉദ്ഗ്രഥിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാശേഷി വികസനം | വായന കാർഡ് നിർമാണം | എല്ലാ ആഴ്ചയിലും | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം | വളരുന്ന ഡിക്ഷ്ണറി | പാഠ ത്തിനൊപ്പം | ടീച്ചർ | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക | ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി ഗണിതാശ ങ്ങൾ ഉറപ്പിക്കുക | പാഠ ത്തിനൊപ്പം | ടീച്ചർ | |

## ഉപമേഖല: മലയാളം ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന,സർഗാത്മക ത പരിപോഷിപ്പിക്കൽ | രചനാപരിചയക്കുറിപ്പ്, ക്ലാസ് ലൈബ്രറി രൂപീകരണം, പാട്ടും താളവും ,സ്കൂൾ ലൈബ്രറി പുസ്തക വിതരണം ,വായന മത്സരം ,വായനക്കുറിപ്പ് ,വായന കാർഡ് നിർമാണം | പാഠ ത്തിനൊപ്പം | ക്ലാസ് ടീച്ചർ | |
| എഴുത്ത് | പതിപ്പ് നിർമാണം | പാഠത്തിനൊപ്പം | ക്ലാസ് ടീച്ചർ | |
| സർഗാത്മകത പരിപോഷിപ്പിക്കൽ | കവിതാലാപന മത്സരം ,കഥാരചന ,കവിതാരചന ,സ്കിറ്റ് ,നാടകം | സർഗവേളയിൽ പാഠത്തിനൊപ്പം | ക്ലാസ് ടീച്ചർ | |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം ( ഒന്നുമുതൽ ആയിരം വരെ എണ്ണുന്ന എഴുതുന്ന ) | 1.നറുക്കെടുക്കാം :സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്കു നൽകുന്നു കിട്ടിയ സംഖ്യ വായിക്കുന്നു മറ്റുള്ളവർ സംഖ്യ എഴുതുന്നു തുടർന്ന് | മാസത്തിൽ | ബന്ധപ്പെട്ട ടീച്ചർ | |

| | | | | |
|---|---|---|---|---|
| | വരുന്ന പത്തു സംഖ്യകൾ എഴുതുന്നു<br>2.പാറ്റേൺ പൂർത്തിയാക്കാം<br>3.ക്രമത്തിലാക്കാം വ്യത്യസ്ത സംഖ്യകൾ നൽകുന്നു ആരോഹണം അവരോഹണം ക്രമത്തിലാക്കുന്നു | | | |
| ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു | 1.സംഖ്യ ചക്രം :സംഖ്യ ചക്രം കറക്കി രണ്ടു സംഖ്യകൾ തിരഞ്ഞെടുത്തു അവ തമ്മിലുള്ള സങ്കലനം വ്യവകലനം ഗുണനം ഹരണം ഇവ ചെയ്യുന്നു .ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു<br><br>2.ഭാഗ്യവാനെ കണ്ടെത്താം :ബോർഡിലൊരു സംഖ്യ എഴുതുന്നു വിവിധ ക്രിയകൾ അടങ്ങിയ കാർഡുകൾ കുട്ടികൾക്ക് നൽകുന്നു കുട്ടികൾ ക്രിയ ചെയ്യുന്നു ആരുടെ ഉത്തരമാണ് ബോർഡിലുള്ളതെന്നു കണ്ടെത്തുന്നു | എല്ലാ ആഴ്ചയിലും<br><br>എല്ലാ ആഴ്ചയിലും | ബന്ധപ്പെട്ട ടീച്ചർ<br><br>ബന്ധപ്പെട്ട ടീച്ചർ | |

| ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം<br>ഭാഷാ ശേഷി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| * എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1.ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ്സ് കൈകാര്യം ചെയ്യൽ<br>2.ഇംഗ്ലീഷ് ഹൗസ് പ്രൊജക്റ്റ് : വീട് ,സ്കൂൾ തുടങ്ങി വിവിധ സ്ഥലങ്ങളുമായി ബന്ധപ്പെട്ട ഇംഗ്ലീഷ് പദങ്ങൾ എല്ലാ കുട്ടികളും ഒരോന്നു വീതം കണ്ടെത്തി ക്ളാസിൽ പ്രത്യേക രീതിയിൽ പ്രദർശിപ്പിക്കുന്നു | എല്ലാ ക്ലാസ്സും<br><br>എല്ലാ ആഴ്ചയിലും ഒരു പ്രത്യേക ഇടം (വീട്...) | ബന്ധപ്പെട്ട ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് , ക്ലാസ്സ് സെക്രട്ടറി | ബി.ആർ .സി ഫണ്ടിൽ നിന്നും |

| | | | | |
|---|---|---|---|---|
| * വായന പരിപോഷിപ്പിക്കൽ | 1.എക്സിപിരിമെൻറൽ ലേണിംഗ്, ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകം , റീഡിങ് കാർഡുകൾ , ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ എന്നിവ ഉൾക്കൊള്ളിക്കൽ<br>2.സ്റ്റോറി ഹൗസ് ഉണ്ടാക്കൽ : ഇംഗ്ലീഷിലെ ചെറുകഥകൾ ശേഖരിച്ച ക്ലാസ്സിൽ പ്രദർശിപ്പിക്കുന്ന<br>3. റീഡിങ് കാർഡ് ഉണ്ടാക്കൽ | പാഠത്തിനൊപ്പം , എല്ലാ ദിവസവും<br>ആഴ്ചയിൽ 1<br>മാസത്തിൽ 1 | ക്ലാസ്സ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ് | -<br>ബി.ആർ .സി ഫണ്ടിൽ നിന്നും |
| * ഇംഗ്ലീഷ് ഭാഷയിൽ സർഗാൽമക ശേഷി വികസനം | 1. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ സീനുകൾ , ചെറു വിവരങ്ങൾ ഇവ ചേർത്തു A4 ൽ മാഗസിൻ തയ്യാറാക്കുന്നു<br>2 പാഠഭാഗവുമായി കഥാപാത്രങ്ങളുടെ മാസ്കുകൾ ഉണ്ടാക്കുന്നു .അതുമായി ബന്ധപ്പെട്ട സീനുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു | പാഠത്തിനോടൊപ്പം | കുട്ടികൾ | |

| ഉപമേഖല : പരിസരപഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| * കുട്ടികളിൽ ശാസ്ത്രാഭിരുചിയും പരിസരബോധവും വളർത്തൽ | 1.പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര തത്വങ്ങൾ പരീക്ഷണങ്ങളിലൂടെ കുട്ടികളും അധ്യാപികയും കണ്ടെത്തി പഠിക്കുന്നു | ജൂൺ മുതൽ എല്ലാ മാസവും | അദ്ധ്യാപിക | ബി.ആർ .സി ഫണ്ടിൽ നിന്നും |
| * ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | 1.പതിപ്പ് നിർമ്മാണം : പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ കുട്ടികളുടെ സർഗാൽമകത രീതിയിൽ പതിപ്പ് രൂപത്തിൽ തയ്യാറാക്കുന്നു | അതാത് യൂണിറ്റിൽ | പരിസര പഠന അധ്യാപിക | ബി.ആർ .സി ഫണ്ടിൽ നിന്നും |

| | | | | |
|---|---|---|---|---|
| * ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | 1. മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | വർഷത്തിൽ 3 മാസം | സയൻസ് ക്ലബ് ടീച്ചർ | ബി.ആർ .സി ഫണ്ടിൽ നിന്നും |

# യു.പി. വിഭാഗം

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം:ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക . | അവധിക്കാല അനുഭവം<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ പറയുന്നു<br>കഥ,കവിത ,യാത്രാനുഭവം അനുഭവക്കുറിപ്പ് തുടങ്ങിയവ അവതരിപ്പിക്കുന്നു<br><br>അവധിക്കാല അനുഭവം<br><br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ പറയുന്നു<br>കഥ,കവിത ,യാത്രാനുഭവം അനുഭവക്കുറിപ്പ് തുടങ്ങിയവ അവതരിപ്പിക്കുന്നു.<br><br>ഭാഷാകേളി<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ പറഞ്ഞു അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും | June<br><br>ജൂൺ മാസം | അധ്യാപകർ<br><br>അധ്യാപകർ | ഇല്ല |

| | | | | |
|---|---|---|---|---|
| | വാക്യങ്ങളുടെയും നിർമ്മാണം | | | |
| | | june | | |
| കുട്ടിയിൽ നല്ല രീതിയിലുള്ള വായന ഉറപ്പുവരുത്തുക . | വാർത്താലോകത്തേക്ക്<br>പത്രം,കഥാപുസ്തകങ്ങൾ എന്നിവ വായിക്കുന്നു | എല്ലാദിവസവും | അധ്യാപകർ | |
| | വാർത്താവായന<br><br>ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു<br>അതാതു മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് ,സ്കൂൾ ,ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു .<br>പ്രതിമാസം | വർഷത്തിൽ മൂന്ന് പ്രാവശ്യം | അധ്യാപകർ | |
| സാഹിത്യ കൃതികളോടും സാഹിത്യ കാരന്മാരോടുമുള്ള ആനുകൂല മനോഭാവം വളർത്തുന്നു | കുറിപ്പുകൾ തയ്യാറാക്കൽ<br>സാഹിത്യകാരന്മാർ കലാകാരന്മാർ എന്നിവരുടെ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കുക. | വർഷത്തിൽ 2 പ്രാവശ്യം | അധ്യാപകർ | |
| മലയാളം കമ്പ്യൂട്ടറിങ് നേടിയെടുക്കലും വളർത്തലും | കമ്പ്യൂട്ടറിങ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിങ് പരിശീലിപ്പിക്കുന്നു | 1 വർഷം | അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ നാടൻ പാട്ടുകൾ തുടനിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു .<br>വിദഗ്ധരായ നാടൻ പാട്ടു കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല നടത്തുന്നു . | അക്കാദമിക വർഷം | അധ്യാപകർ | പി .ടി .എ |

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ | കുട്ടിയുടെ നിലവാരം | ജൂൺ | വിഷയാധ്യാ |

| | | | |
|---|---|---|---|
| സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു | ആദ്യവാരം | പകർ |
| യുപി തലത്തിൽതന്നെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ് ക്ലാസ്സിൽ<br>അക്ഷരമാല പ്രദർശനം | ജൂൺ മുതൽ ഫെബ്രുവരി വരെ | വിഷയാധ്യാപകർ |
| ഹിന്ദി വായന : തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം | നിരന്തരം പുസ്തകം വായിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | വിഷയാധ്യാപകർ |
| ഹിന്ദി സംസാരം ഹിന്ദിയിൽ: സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കുന്നുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | വിഷയാധ്യാപകർ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരിലി ഹിന്ദി ) | ഹിന്ദി അസ്സംബ്ലി<br>ദിനാചാരണങ്ങൾ<br>പ്രത്യേകിച്ച് സെപ്റ്റംബർ 14.ജനുവരി 10)<br>അധികവായനാസാമഗ്രികൾ<br>➢ ചിത്ര സഹായത്തോടെ<br>➢ ചിത്രകഥ തയ്യാറാക്കൽ<br>➢ ചിത്രം - അടിക്കുറിപ്പ്<br>➢ ചിത്രം - കഥ എഴുതൽ<br>➢ കഥ- ബാക്കി എഴുതൽ<br>➢ വായനമൂല<br>➢ ഹിന്ദി പത്രിക | ജൂൺ മുതൽ ഫെബ്രുവരി വരെ | വിഷയാധ്യാപകർ |

| | തയ്യാറാക്കൽ | | |
|---|---|---|---|

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം<br>ഔഷധ തോട്ടം ,പച്ചക്കറി തോട്ടം ,ശലഭോദ്യാനം എന്നിവ ഉൾകൊളളിച്ച് കൊണ്ട് ജൈവ വൈവിധ്യ പാർക്ക്നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ,സയൻസ് ക്ലബ് | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര<br>• വംശ നാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ<br>• കാവുകളുടെ സന്ദർശനം,<br>• കാർഷിക ഗവേഷണ കേന്ദ്ര സന്ദർശനം<br>• വയൽ ,പുഴ , പൂന്തോട്ടം തുടങ്ങിയ ആവാസ വ്യവസ്ഥ സന്ദർശനവും നിരീക്ഷണവും<br>• ജൈവ വൈവിധ്യ റജിസ്റ്റർ കാണാനും പ്രവർത്തനങ്ങൾ മനസ്സിലാക്കാനും പഞ്ചായത്ത് ഓഫീസ് സന്ദർശനം | ജൂലൈ | ശാസ്ത്ര അധ്യാപകർ | രക്ഷിതാക്കൾ |
| | പരീക്ഷണ കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ-ശാസ്ത്ര ക്ലാസ് ആരംഭിക്കുന്ന പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണ- | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക,ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ങ്ങളുടെ ശേഖരം തയ്യാറാക്കുന്നു<br><br>മാസ്റ്റർ മൈൻഡ്<br>ശാസ്ത്ര ക്ലബ്ബിന്റെ സഹായത്തോടെ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>ശാസ്ത്രോൽസവം<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോൽസവം സംഘടിപ്പിക്കുന്നു<br>ശാസ്ത്ര വിസ്മയ മൂല<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ഓരോ ക്ലാസ്സിലും ശാസ്ത്ര വിസ്മയ മൂല നിർമിക്കുന്നു<br><br>വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ,ശാസ്ത്ര സത്യങ്ങൾ , പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം<br><br>. | ജൂൺ മുതൽ<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ,സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ ,സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ,സയൻസ് ക്ലബ് | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധ-പ്പെടുത്തി ശാസ്ത്ര പഠനത്തി-നായി പ്രയോജനപ്പെടുത്തുക | | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനുള്ള അവസരം ഒരുക്കുന്നു. | **Follow Me If You Can**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു .<br>**Lend Your Ear**<br>ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു . | ജൂൺ<br>ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| | **Breaking News**<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു . ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു<br><br>**Treasure Hunt**<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ചു വർണ്ണിക്കുന്നു. വസ്തു ഇന്ത്യയെന്നു മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു.<br>**One Man Show**<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു . | നവംബർ<br><br>ആഗസ്റ്റ്<br><br>ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |
| 2. **ഭാവാത്മക വായന പരിശീലിപ്പിക്കുന്നു.** | **I Too Can !!**<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായനമ കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്കു )<br><br>**Learning Ladder**<br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിൻ നം വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു.മുഴുവൻ വാക്കുകളും ശരിയായിയി കണ്ടെത്തുന്നവർക്ക് ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br>**Skit Corner**<br>വ്യത്യസ്തമായ കഥകൾ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം | ജൂലൈ<br><br>സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് | |

| | | | | |
|---|---|---|---|---|
| | നൽകുന്നു .<br>**<u>Reader Of the Month</u>**<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader Of the Month നെ ആദരിക്കുന്നു. | ടേമിൽ ഒരു തവണ<br>മാസം തോറും | അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ | |
| **3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു .** | **<u>My Dewdrops</u>**<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു .<br>**<u>Mini Dictionary</u>**<br>പാഠഭാഗങ്ങളിലെ അപരിചിതമായ വാക്കുകൾ ഉൾപ്പെടുത്തി കുട്ടികൾ സ്വന്തമായി ഡിക്ഷണറി തയ്യാറാക്കുന്നു .<br>**<u>Memory Game</u>**<br>ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു.ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്കു തെറ്റ് കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റ് കൂടാതെ എഴുതുന്ന ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>**<u>Fun Time</u>**<br>Riddles,<br>അപരിചിതമായ വാക്കുകൾ പരിചയപ്പെടുത്തൽ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു . | വർഷാവസാനം<br>എല്ലാ ആഴ്ചയും<br>ഫെബ്രുവരി<br>എല്ലാ തിങ്കളാഴ്ചയും | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ | |
| **4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു.** | **<u>Debate</u>**<br>കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് ആനുകാലിക പ്രസക്തമായ വിഷയങ്ങൾ നൽകി സംവാദങ്ങൾ നടത്തുന്നതിനു അവസരങ്ങൾ നൽകുന്നു.<br>**<u>Guest Introduction and interaction with Eminent personality</u>**<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ , പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| | രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും കുട്ടികൾക്ക് പരിചയപ്പെടുത്തുകയും അവരുമായി ആശയവിനിമയത്തിനു അവസരം ഒരുക്കുകയും ചെയ്യുന്നു. | വർഷാവസാനം | | |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1..സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ | **ഓർമ്മച്ചെപ്പ്** ദേശീയതലംമുതൽ ജില്ലാതലംവരെയുള്ള നദികൾ,തലസ്ഥാനങ്ങൾ ,ഭൂപ്രകൃതി തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ പരിശോധിക്കൽ | അക്കാദമികവർഷാരംഭം | സോഷ്യൽ സയൻസ് അദ്ധ്യാപിക | ഇല്ല |
| 2..കുട്ടികളെചരിത്രാവബോധമുള്ളവരാക്കിമാറ്റിയെടുക്കുന്നു | **Virtual field trip** ICT സാധ്യതകളുപയോഗിച്ച ലോകത്തിലെചരിത്രപ്രാധാന്യമുള്ളസ്ഥലങ്ങളുടെ വിഡിയോ പ്രദർശിപ്പിച് കുട്ടികളിൽ ചരിത്രാവബോധംവളർത്തുന്നു | ജൂൺ | സോഷ്യൽ സയൻസ് അദ്ധ്യാപിക | ഇല്ല |
| 3..ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുന്നു | വിദ്യാലയത്തിൽനിന്നുസമൂഹത്തിലേക്ക് _ ഗ്രാമസഭ,വാർഡ്സഭ എന്നിവയിൽമാതാപിതാക്കളോടൊപ്പം പക്കെടുത്തു ജനാധിപധ്യരീതിയിൽ അടിസ്ഥാനതലം മനസിലാക്കുന്നു | അക്കാദമികവർഷം | സോഷ്യൽ സയൻസ് അദ്ധ്യാപിക | |
| 4..പ്രകൃതിദുരന്തങ്ങളെക്കുറിച് മനസ്സിലാക്കി രക്ഷാപ്രവർത്തന | വെള്ളെപ്പൊക്കം ,ഉരുൾപൊട്ടൽ,കൊടുങ്കറ്റ് തുടങ്ങിയ പ്രകൃതിദുരന്തങ്ങളുടെ തിവ്രതയെക്കുറിച് മനസ്സിലാക്കുകയും ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിച കുട്ടികളെ ബോധവാന്മാരാക്കുന്നു | അക്കാദമികവർഷം | | |

| | | | | |
|---|---|---|---|---|
| ങ്ങളിൽ ഏർപ്പെടാൻ കുട്ടികളെബോധവാന്മാരാക്കുന്നു .<br>5..സഹജീവികളോട്സമഭാവനവളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു . | | | സോഷ്യൽ സയൻസ് അദ്ധ്യാപിക | |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കൈത്തൊഴിൽ പരിശീലനം നൽകുക | 1. ഇപ്പോൾ നൽകിവരുന്ന തൊഴിൽ പരിശീലനങ്ങൾ (ചവിട്ടി നിർമ്മാണം, ചോക്ക് നിർമ്മാണം, എംബ്രോയിഡറി,ഫാബ്രിക് പെയിന്റിംഗ്, വെജിറ്റബിൾ പ്രിന്റിംഗ്,ഡോൾ മേക്കിങ്, ഫ്ലവർ മേക്കിങ്) തുടരുന്നു | 1 വർഷം | ടീച്ചർ | |
| | 2. പുറമേ നിന്നും വിദഗ്ധരായ തൊഴിലാളികളെ കൊണ്ടുവന്ന് കൂടുതൽ പരിശീലനം നൽകുന്നു | | പി.ടി.എ, ടീച്ചർ | 2000 |
| | 3. വീട്ടിലെ അലങ്കാരത്തിനായും വിൽപ്പനയ്ക്കായും ചെറിയ വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. | | ടീച്ചർ | |
| | 4. കുട്ടികളെയും കൊണ്ട് ചെറിയ തൊഴിൽ ശാലകൾ സന്ദർശിക്കുക. | | പി.ടി.എ, ടീച്ചർ | പി.ടി.എ |
| | 5. കുട്ടികൾ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം.<br>. | വർഷാവസാനം | ടീച്ചർ | |
| | 6. രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും കാണുന്നതിനുള്ള അവസരം | വർഷാവസാനം | പി.ടി.എ, സ്റ്റാഫ് | |

| | | | | |
|---|---|---|---|---|
| | 7. മെറ്റൽ കാർവിങ് പരിശീലനം നൽകുന്നു | 1St Term | | |
| | 8. ശില്പശാലകൾ സംഘടിപ്പിക്കുക | | | |

## ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നത് പോലെ ഉർദുവിൽ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷിയുണ്ടാവുക. | ഉർദുവിൽ ചെറിയ ചെറിയ കൈപ്പുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | ജൂൺ ജൂലൈ | ഉറുദു അധ്യാപകൻ |
| ക്ലബ്ബ് പ്രവർ ത്തനങ്ങളിലൂടെ സാമൂഹികഇടപെടലു കൾ പരിചപ്പെടുത്തൽ. | ഉർദു ക്ലബ്ബ് ഊർജ്ജ സ്വലമാക്കി വിദ്യാർ ത്ഥികളിൽ ആകർ ഷകമായ പ്രവർ ത്തനങ്ങൾ നടത്തുക | എല്ലാ മാസവും | ഉറുദു അധ്യാപകൻ |
| ഉർദു കാവ്യശാഖകൾ പരിചയപ്പെടുത്തൽ. | ഉർദു ഭാഷ ജനകീയമാക്കുന്നതിന് ഗസൽ പോലെയുള്ള കാവ്യശാഖകളുടെ പ്രദർശനം നടത്തുക | നവംബർ | ഉറുദു അധ്യാപകൻ |
| ഉർദു ഭാഷയിൽ സർ ഗാത്മകമായ കഴിവുകൾ വളർ ത്തിയെടുക്കൽ. | ഉർദു ഭാഷയിൽ ചെറിയ കഥകളും കവിതകളും എഴുതാൻ പ്രോത്സാഹിപ്പിക്കുക | ഡിസംബർ | ഉറുദു അധ്യാപകൻ |
| ഉർദു ഭാഷയിലൂടെ ആശയവിനിമയം എളുപ്പമാക്കൽ. | ഉർദു ഭാഷയിലുള്ള ചെറിയ ചെറിയ ഷോർട്ട് ഫിലിമുകളും സിനിമകളും | മാസത്തിൽ ഓരോന്ന് | സ്കൂളിലെ ഫിലിം ക്ലബ് |

| | | | |
|---|---|---|---|
| | കാണിച്ചും പരസ്പരം സംസാരിച്ചും കുട്ടികളിൽ സംസാര ശേഷി ഉണ്ടാക്കുക. | | |

# ഹൈസ്കൂൾ വിഭാഗം

## മലയാളം

### ആമുഖം

ശാസ്ത്രീയമായ വിഷയങ്ങൾ പഠിക്കുന്ന കുട്ടികളോടൊപ്പംതന്നെ സാഹിത്യത്തിൽ തല്പരരായ വിദ്യാർഥികളും ഓരോ വർഷവും കടന്നുപോകുന്നുണ്ട്. അവരെ കണ്ടെത്തി പോഷിപ്പിച്ചെടുക്കുക എന്നത് ഏതൊരു അധ്യാപകന്റെയും കടമയാണ്. അതിനനുകൂലമായ സാഹചര്യം ഒരുക്കിക്കൊടുക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

### ലക്ഷ്യങ്ങൾ

- 8 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.
- കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക
- സാഹിത്യത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവരുടെ മേഖലയിൽ ശോഭിക്കുന്നതിനാവശ്യമായ കൈത്താങ്ങ് നൽകുക.
- വിവിധ സാഹിത്യശാഖകളെക്കുറിച്ച് അവബോധം നൽകുക
- ഭാഷാവികസനത്തിനും ശൈലീവികസനത്തിനുമുള്ള അവസരങ്ങൾ കണ്ടെത്തിക്കൊടുക്കുക
- സാഹിത്യമാസികകളിൽ അവരുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ചെയ്തുകൊടുക്കൽ
- പല സ്ഥലങ്ങളിലായി നടക്കുന്ന പുസ്തകാവതരണങ്ങൾ, സാഹിത്യസെമിനാറുകൾ, മറ്റു സാഹിത്യപരിപാടികൾ ഇവയിൽ പങ്കെടുക്കാനും അവരുടെ കഴിവുകൾ അവതരിപ്പിക്കാനുമുള്ള അവസരമൊരുക്കൽ

## മാതൃഭാഷാപ്രശ്നങ്ങൾ

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ്<br>2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല<br>3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്<br>4.സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല<br>5.ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 1. പിറന്നാളിനൊരു പുസ്തകം<br>2. വായനക്കുറിപ്പ്<br>3. കഥ, കവിത, ശില്പശാല, സെമിനാർ<br>5. ചുവർ മാഗസിൻ<br>6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ<br>7. സാഹിത്യപഠനയാത്ര<br>8. വായനക്കൂട്ടം - പുസ്തക ചർച്ച<br>9. അഭിമുഖം |

## പ്രവർത്തനപദ്ധതി

- ✔ സാഹിത്യകാരന്മാരുമായി സംവദിക്കാൻ അവസരമൊരുക്കൽ.
- ✔ കവിയരങ്ങ്, സാഹിത്യസംവാദം എന്നിവ സംഘടിപ്പിക്കൽ.
- ✔ പുതിയ സാഹിത്യകൃതി വായിച്ച് അവയെ പൊതുസമക്ഷം അവതരിപ്പിക്കാനുള്ള അവസരമൊരുക്കൽ.
- ✔ കേരളത്തിലെ പ്രശസ്ത സാഹിത്യഫെസ്റ്റവലുകളിൽ പങ്കെടുക്കാനുള്ള അവസരമൊരുക്കൽ.

**നേട്ടങ്ങൾ**

- ആശയാവതരണമെന്നതിലുപരി നല്ല ഭാഷാശൈലി സ്വായത്തമാക്കുന്നു.
- സാഹിത്യകാരന്മാരെക്കുറിച്ചുള്ള അവബോധം ലഭിക്കുന്നു.
- വൈവിധ്യമാർന്ന വായനയിലൂടെ ഓരോ സാഹിത്യകാരന്മാരുടെയും ശൈലി മനസിലാക്കാൻ സാധിക്കുന്നു.
- സ്വന്തം കർമ്മമേഖല തെരഞ്ഞെടുക്കുവാൻ ഇളംപ്രായത്തിൽത്തന്നെ സാധിക്കുന്നു.
- എഴുത്തുകാരനോ എഴുത്തുകാരിയോ പ്രഭാഷകനോ ആകാനുള്ള ശേഷി കൈവരുന്നു.

## മലയാളം വാർഷിക കലണ്ടർ 2025-26

| മാസം | ദിനാചരണം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ 17 | ചങ്ങമ്പുഴ കൃഷ്ണപിള്ള ചരമദിനം | ചങ്ങമ്പുഴ കൃതികൾ പരിചയപ്പെടുത്തൽ |

| | | |
|---|---|---|
| **ജൂൺ 19 - ജൂലൈ 20** | വായനാപക്ഷാചരണം | കവിതാലാപനം സംഘടിപ്പിക്കൽ<br>വാർത്താവായന മത്സരം<br>മികച്ച അവതരണം |
| **ജൂലൈ 5** | വൈക്കം മുഹമ്മദ് ബഷീർ ജന്മദിനം | ക്വിസ് മത്സരം<br>കഥാപാത്രാവിഷ്കാരം<br>ആസ്വാദനക്കുറിപ്പ് സംഘടിപ്പിക്കൽ |
| **ആഗസ്റ്റ് 22** | നാട്ടറിവ്ദിനം | മികച്ച കർഷകനെ ആദരിക്കൽ<br>പാരമ്പര്യവിത്തുകളുടെ പ്രദർശനം<br>നാടൻ പ്രയോഗപദപരിചയം<br>നാടൻ കളികൾ |
| **സെപ്തംബർ 05** | ഓണാഘോഷം | കവിതാരചന<br>കഥാരചന |
| **സെപ്തംബർ 05** | അധ്യാപകദിനം | മികച്ച അധ്യാപകരുടെ അനുഭവങ്ങൾ അവതരണം<br>അധ്യാപക കഥകൾ |
| **ഒക്ടോബർ 12** | വള്ളത്തോൾ നാരായണമേനോൻ ചരമദിനം | കവിതാവതരണം<br>കലാമണ്ഡലം - പരിചയപ്പെടുത്തൽ |
| **നവംബർ 01** | കേരളപ്പിറവി | ഭാഷാപ്രതിജ്ഞ<br>കേരളഗാനമത്സരം |
| **ഡിസംബർ** | കലോത്സവം | കഥ, കവിത, ഉപന്യാസം - പതിപ്പ് പ്രകാശനം<br>മികച്ചവ വിദ്യാരംഗത്തിന് അയയ്ക്കൽ |
| **ജനുവരി 08** | എൻ. എൻ കക്കാട് ചരമദിനം | സഫലമീയാത്ര- അവതരണം |
| **ഫെബ്രുവരി 13** | ഒ.എൻ.വി കുറുപ്പ് ചരമദിനം | കാവ്യാഞ്ജലി |
| **ഫെബ്രുവരി 21** | ലോകമാതൃഭാഷാദിനം | ഭാഷാപ്രതിജ്ഞ<br>പ്രസംഗമത്സരം<br>ഭാഷാപഠനത്തിന്റെ ആവശ്യകത-സെമിനാർ |

| | | |
|---|---|---|
| **മാർച്ച് 08** | ലോക വനിതാദിനം | സ്ത്രീപക്ഷ രചനകൾ പരിചയപ്പെടുത്തൽ |

## ക്ലാസ്തലപ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കേൾവി:** ഭാഷാപഠനത്തിലെ ആദ്യപടിയായുള്ള പ്രവർത്തനം | സൂംബ ഡാൻസ് കേൾപ്പിക്കുന്നു. അതിനോടൊത്ത് നൃത്തം ചെയ്യാൻ പറയുന്നു. പാട്ടുകൾ കേൾപ്പിക്കുന്നു. ശ്രദ്ധിക്കാൻ പറയുന്നു,വിവിധ കഥകൾ, | ജൂണിലെ ആദ്യത്തെ രണ്ട് ആഴ്ചകൾ | വിഷയാധ്യാപകർ | ഇല്ല |
| **പറച്ചിൽ:** അനായാസമായി കഥ പറയാൻ പ്രേരിപ്പിക്കുന്നത് തടസ്സത്തെ ഒഴിവാക്കുന്നു | കേട്ട കഥകളെ ഓർമ്മിച്ച് പറയൽ<br>* കഥകൾ സ്വയമേവ ഉണ്ടാക്കി പറയൽ | മൂന്നാംവാരം | വിഷയാധ്യാപകർ | ഇല്ല |
| **വായന:** എല്ലാ കുട്ടികൾക്കും അനായാസമായി വായിക്കാനുള്ള ശേഷി വർധിപ്പിക്കുക.അക്ഷരങ്ങൾ ഉറപ്പിക്കുക | സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നിവയെ ഉറപ്പിക്കാൻ പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>കഥകളെ ലിഖിതരൂപത്തിൽ കൊടുക്കുന്നു. വായിക്കാൻ പ്രേരിപ്പിക്കുന്നു | നാലാംവാരം | വിഷയാധ്യാപകർ | ഇല്ല |
| **എഴുത്ത്:** വ്യഞ്ജനാക്ഷരങ്ങൾ ഓരോന്നും ഉറപ്പിക്കുക | കുത്തിവരയ്ക്കാൻ പറയുന്നു. അവയെ ചിത്രമാക്കി മാറ്റി പേരുനൽകാൻ പറയുന്നു. ഒരോന്നിനും കൊടുത്തിട്ടുള്ള പേരുകൾ ഹൃദ്യസ്ഥമാക്കാൻ വിവിധ വാക്കുകളെ ഉപയോഗിക്കുക. | ജൂലൈ | വിഷയാധ്യാപകർ | ഇല്ല |
| | * അക്ഷരം ഉറപ്പിക്കൽ | ആഗസ്റ്റ് | വിഷയാധ്യാപ കർ | ഇല്ല |

| | | | | |
|---|---|---|---|---|
| | * ചിഹ്നം ഉറപ്പിക്കൽ<br>* പദനിർമ്മാണം<br>* വാക്യനിർമ്മാണം<br>ഇവയ്ക്കുവേണ്ടി വൈകുന്നേരം പ്രത്യേക ക്ലാസുകൾ | | | |
| **സ്വതന്ത്രവായന** | * ഗ്രൂപ്പ് തിരിച്ചുള്ള വായനാമത്സരം<br>* ക്ലാസുകളിൽ പ്രത്യേക ലൈബ്രറി തയ്യാറാക്കൽ<br>* മികച്ച വായനാകുറിപ്പ് തയ്യാറാക്കൽ<br>* ലൈബ്രറി നവീകരണവും പുസ്തകപരിചയവും<br>* വായനോത്സവം<br>*ജന്മദിന പ്രഭാഷണങ്ങൾ | ജൂലൈ മുതൽ ഫെബ്രുവരു വരെ | വിഷയാധ്യാ യ പകൻ | പിടിഎ |
| **പത്രവായന**<br>**പത്രക്വിസ്**<br>**പത്രവാർത്ത** | * ദിവസവും രാവിലെ പത്രവായന.<br>* പ്രധാന തലക്കെട്ടുകൾ<br>* ആഴ്ചയിൽ ഒരു ദിവസം പത്രക്വിസ് | ജൂൺ – ഫെബ്രുവരി വരെ | വിഷയാധ്യാ പകൻ<br>എസ്.ആർ. ജി | |
| **സർഗശേഷിവികസനം** | വായനാനനുഭവം പങ്കുവെയ്ക്കൽ<br><br>കഥ, കവിത- മത്സരങ്ങൾ<br><br>കവിതാലാപനം<br><br>പുസ്തകചർച്ച<br><br>ഇ-വായന<br><br>അമ്മമാർക്കൊരു പുസ്തകം | എല്ലാ മാസവും<br><br>വർഷത്തി ഒന്ന്<br><br>എല്ലാ മാസവും<br><br>എല്ലാ മാസവും<br><br>എല്ലാ മാസവും<br><br>മാസത്തി ലൊന്ന് | വിഷയാധ്യാ യപകൻ<br><br>എസ്.ആർ. ജി<br><br>വിഷയാധ്യാ യപകൻ<br><br>വിഷയാധ്യാ യപകൻ<br><br>വിഷയാധ്യാ യപകൻ<br><br>എസ്.ആർ. ജി | |

## പൊതുവായ ലക്ഷ്യങ്ങൾ

## ഹിന്ദി

- ✔ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✔ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✔ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✔ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക
- ✔ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പി ക്കുന്നു. ഉച്ചാരണം പരിചയ പ്പെടുത്തുന്നു.<br><br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാ രണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br><br>ജൂൺ -ജൂലൈ |
| ആഴ്ച്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തു ന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് -സെപ്റ്റം ബർ |
| ഹിന്ദി അനായാസം എഴു തുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകു ന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പി ക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br><br>ചിത്രകഥ, കാർട്ടൂൺ, ചെറുകവികൾ തുട ങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ<br><br>ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം |
|---|---|---|
| ഹിന്ദി എഴുതുവാനും വായി ക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീ ലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്ന ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കു വാൻ നൽകുന്നു. | ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേ ഷണം എന്നിവ മനസ്സിലാക്കു ന്നു. വാക്യഘടന പരിചയപ്പെ ടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യ ങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെ ത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റം ബർ |
| പോസ്റ്റർ തയ്യാറാക്കുവാനറി യുന്നു. കവിത വായിച്ച് ആസ്വാദന ക്കുറിപ്പ് തയ്യാറാക്കുവാനറിയു ന്നു. | പോസ്റ്ററിൻ്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശി പ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദ നക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്ന | ഡിസംബർ നവംബർ |

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടു ത്തുക എന്നീ ലക്ഷ്യ ങ്ങളോടെ ഭാഷാവസ്തുതക ളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാ റാക്കുവാൻ പറയുന്നു. | ജൂൺ ജൂലൈ |
| സാഹിത്യാഭിരുചി വളർത്തു ക, ഹിന്ദിവാരാഘോഷ സമ യത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |

| | | |
|---|---|---|
| ആശയങ്ങൾ വിവിധ തര ത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റു വാനാറിയുന്നു. സ്വഭാവ സവിശേഷതകളി ന്മേൽ കുറിപ്പ് തയ്യാറാക്കുവാ നാറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | നവംബർ ജനുവരി |

ഗ
ണി
# ഗണിതം

## Learn Math, Live Math, Love Math

## Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള പ്രശ്ന പരിഹാരശേഷിയുള്ള ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

- ➔ എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- ➔ പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തന ങ്ങൾ സംയോജിപ്പിക്കുക.
- ➔ ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾദിനാ ചരണങ്ങൾ, മേളകൾമത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക

| മാസം | അക്കാദമിക ലക്ഷ്യങ്ങൾ | | | അക്കാദമികേതര പ്രവർത്തനങ്ങൾ |
|---|---|---|---|---|
| ജൂൺ | ക്ലാസ്- 8 | ക്ലാസ്- 9 | ക്ലാസ്- 10 | |
| | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരി ശോധനയും പരിഹാര ബോധനവും) വർഗങ്ങൾ | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരി ശോധനയും പരിഹാര ബോധനവും) സമവാക്യ | ഒപ്പത്തിനൊപ്പം (ചതു ഷക്രിയ അവബോധ പരിശോധനയും പരി ഹാര ബോധനവും) | ക്ലബ് ഉദ്ഘാടനം<br>Problem of the week-തുടക്കം<br>Maths Bulletin |

| | | | | |
|---|---|---|---|---|
| | തുല്യതികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ജോഡികൾ, ബ്രിഡ്ജ്- ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധ നം | സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണ കളുംക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Board സ്ഥാപിക്കൽ<br><br>ജൂൺ 19 Pascal ജന്മദിനാചരണം |
| ജൂലൈ | തുല്യതികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് - ത്രികോണ പരപ്പ്സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണ കളും, സമാന്തര ശ്രേ ണിയും, ബീജഗണിത വും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഗണിതമേളയുമായ ി ബന്ധപ്പെട്ട വർക്ക്<br><br>Weekly Maths Joutnal പ്രസിദ്ധീകരിക്കു ന്നു<br><br>Maths Talent Test |
| ആഗസ്റ്റ് | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഇണനസമവാക്യങ്ങൾ, അഭിന്നക ഉണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗണിതക്വിസ്സ് മത്സരം<br>ഗണിത മാഗസിൻ<br>Peer Tutoring- Teach a Topic മത്സരം |
| സെപ്തം ബർ | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഉണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്കൂൾ ഗണിതമേള<br>Geo Gobra ( പരിശീലനം<br>Sep-5 Teachers Day ടീച്ചർ മത്സരം |
| ഒക്ടോ ബർ | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് - വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവു കൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br><br>Maths Pazzie Day സംഘടി പ്പിക്കുക (2 Week) |

| | | | | |
|---|---|---|---|---|
| നവംബർ | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഫീൾഡ് ട്രിപ്പ് സംഘടി പ്പിക്കുക. 0 യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന (Without '0' the world is nothing, Write a letter to zero) Nov-4 ശകുന്തള ദേവി |
| ഡിസംബർ | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക & PTM | ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| ജനുവരി | Vol II പാഠഭാഗങ്ങൾ, പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം. ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | പോസ്റ്റർ നിർമ്മാണം Maths for Nation Building) |
| ഫെബ്രുവരി | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & റിവിഷൻ | അനുപാതം, സ്ഥിതിവിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ & PTM | Pi- ചരിത്രവും പ്രാധാ ന്യവും പ്രോഗ്രാം |

## സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ - മോക് പാർലമെന്റ് | പ്രകടനപത്രിക, പ്രചരണം, മീറ്റ് ദി ക്യാൻഡിഡേറ്റ്, ബാലറ്റ്പേപ്പർ,എന്നിവ ഉപയോഗിച്ചുള്ള | വർഷത്തിലൊരിക്കൽ | അധ്യാപകൻ, എസ്.ആർ. ജി | എസ്.ആർ. ജി |

| | | | | |
|---|---|---|---|---|
| | വോട്ടെടുപ്പിലൂടെ സ്കൂൾ പാർലമെന്റ് നിർമാണം | | | |
| സാമൂഹികശാസ്ത്രപഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ എന്നിവയെ പ്രദർശിപ്പിക്കുക., വിതരണം. | എല്ലാമാസവും | അധ്യാപകൻ, സാമൂഹ്യക്ലബ് | ഇല്ല |
| സാമൂഹികശാസ്ത്ര – നൂതന അറിവുകൾ | എല്ലാകുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന തരത്തിൽ SS കോർണറിലെ ബുള്ളറ്റിൻ ബോർഡിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നു. | എല്ലാമാസവും | അധ്യാപകൻ, സാമൂഹ്യക്ലബ് | ഇല്ല |
| സാമൂഹികശാസ്ത്രമേള | ഏകദിന സാമൂഹികശാസ്ത്രമേള | വർഷത്തിലൊന്ന് | അധ്യാപകൻ, സാമൂഹ്യക്ലബ് | പി.ടി.എഫണ്ട് |
| പ്രാദേശിക ചരിത്ര രചന | പ്രാദേശിക ചരിത്ര രചന മത്സരം നടത്തി പ്രദർശിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | അധ്യാപകൻ, സാമൂഹ്യക്ലബ് | എസ്. ആർ.ജി |
| പഠനയാത്ര | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു | വർഷത്തിലൊരിക്കൽ | അധ്യാപകൻ, സാമൂഹ്യക്ലബ് എസ്. ആർ.ജി | പി.ടി.എഫണ്ട് സാമൂഹ്യക്ലബ് |

## ജീവശാസ്ത്രം

### ലക്ഷ്യങ്ങൾ

- കുട്ടികളിലെ ശാസ്ത്രാഭിരുചിയും പ്രക്രിയാശേഷിയും വളർത്തുക.
- ശാസ്ത്ര പഠനത്തിലൂടെ സാമൂഹ്യനന്മയ്ക്ക് പ്രാപ്തരാക്കുക.
- ജീവശാസ്ത്രപഠനത്തിൽ കുട്ടികളിൽ താൽപ്പര്യം വളർത്തൽ

- ➔ ശാസ്ത്ര പഠനത്തിലെ മികവ് പുലർത്തുന്നവർക്ക് ഉയർന്ന നിലവാരത്തിലെത്താൻ പ്രത്യേക പരിശീലനം നൽകൽ
- ➔ ശുചിത്വം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയിൽ അറിവും പ്രയോഗികപരിജ്ഞാനവും നേടൽ
- ➔ നാട്ടറിവുകൾ ശേഖരിക്കൽ
- ➔ ശാസ്ത്ര പഠനത്തിലെ നവീന ആശയങ്ങൾ കുട്ടികളിലും പൊതു സമൂഹത്തിലും എത്തിക്കുക.
- ➔ കുട്ടികളിൽ നിരീക്ഷണ- പരീക്ഷണ പാടവം വളർത്തി യുക്തിചിന്തയും ശാസ്ത്രീയ മനോഭാവവും വളർത്തുക.

| **ഉപലക്ഷ്യങ്ങൾ** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ജീവശാസ്ത്രാഭിരുചി വളർത്തുക | സെമിനാർമത്സരങ്ങൾപ്രോജക്ട്കൾശാസ്ത്രനാടകം ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ആക്ടിവിറ്റികൾ, സെമിനാർ ഇവ ചെയ്യുന്നു. മേളകളുമായി ബന്ധപ്പെട്ട് മത്സരങ്ങൾ, ശാസ്ത്രനാടകം, പ്രോജക്ട് ഇവ ചെയ്യുന്നു. | ജൂൺ-ഡിസംബർ | ജീവശാസ്ത്രം അധ്യാപിക | |
| ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ | സയൻസ് ബുള്ളറ്റിൻ ബോഡ്, സയൻസ് കോർണർ, ശാസ്ത്രമാസിക, ശാസ്ത്ര പാഠപുസ്തക രചന. ശാസ്ത്രരംഗത്തുണ്ടാകുന്ന ഏറ്റവും പുതിയ അറിവുകൾ ഉൾപ്പെടുത്തി ശാസ്ത്രപുസ്തക നിർമ്മാണം. | ജൂൺ-ഡിസംബർ | ജീവശാസ്ത്രം അധ്യാപിക | |
| നാട്ടറിവ് യാത്രകൾ | പ്രദേശത്ത് വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകരുടെ അടുത്തേയ്ക്കും കൃഷിസ്ഥലങ്ങളിലേയ്ക്കും നാട്ടറിവുയാത്രകൾ എന്ന പേരിൽ കുട്ടികളുടെ വിവിധ ഗ്രൂപ്പുകളിലായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. ശേഖരിച്ച വിവരങ്ങൾ സെമിനാറായി മറ്റു | ഒക്ടോബർ | ജീവശാസ്ത്രം അധ്യാപിക | |

| | | | | |
|---|---|---|---|---|
| | കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കുന്നു. | | | |
| ക്യാമ്പസ് പരിസ്ഥിതി പഠനം | ആറേക്കർ വരുന്ന സ്കൂൾ ക്യാമ്പസിലെ ജീവിയ അജീവിയ ഘടകങ്ങൾ, അവ തമ്മിലുള്ള പരസ്പര ബന്ധം, ആവാസവ്യവസ്ഥകൾ, ശലഭോദ്യാനം, ഔഷധോദ്യാനം തുടങ്ങിയവ പ്രൊജക്ട് രൂപത്തിൽ ഓരോ കുട്ടിയും പഠനവിധേയമാക്കുന്നുറിപ്പോർട്ട് പൊതു അവതരണം നടത്തുകയും സ്വയം വിലയിരുത്തുകയും ചെയ്യുന്നു. | ജൂൺ-മാർച്ച് | വിഷയത്തിന്റെ അധ്യാപിക | |
| പ്രകൃതി പുസ്തകം | ഓരോ കുട്ടിയും നടത്തുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾഓരോരുത്തരുടെ യും ശുചിത്വശീലങ്ങൾ, ശേഖരിക്കുന്ന നാട്ടറിവുകൾപരിസ്ഥിതി ചിത്രങ്ങൾ തുടങ്ങിയവ പ്രകൃതി പുസ്തകം എന്ന പേരിൽ പ്രത്യേകം പുസ്തകത്തിൽ ഓരോരുത്തരും സമാഹരിക്കുന്നു. ഇവ ഓരോ ടേമിലും ക്ലാസ്സ് പി.ടി.എകളിലും പൊതുവായി പ്രദർശിപ്പിക്കുന്നു. അധ്യാപിക മികച്ച പുസ്തകങ്ങൾ തയ്യാറാക്കിയവരെ അഭിനന്ദിക്കുന്നു. | ജൂൺ-മാർച്ച് | ജീവശാസ്ത്രം അധ്യാപിക | |
| ഏകദിന കാർഷികശിൽപ്പശ ാല | ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് തുടങ്ങിയ ആധുനിക കാർഷിക സമ്പ്രദായങ്ങളെപ്പറ്റി കുട്ടികൾ അധ്യാപകന്റെ സഹായത്താൽ | ചിങ്ങം 1 (കർഷക ദിനം) | വിഷയത്തിന്റെ അധ്യാപിക | |

| | | | | |
|---|---|---|---|---|
| | പഠനം അവതരിപ്പിക്കുകയും ചെയ്യുന്നു. നടത്തുകയും പ്രദേശത്തെ കർഷകർക്കു മുമ്പിൽ ക്ലാസ്സായി | | | |
| നഴ്സറി നിർമാണം | പ്രദേശത്തെ പ്രാക്തന ഗോത്രവിഭാഗങ്ങളായ പണിയ, കാട്ടുനായ്ക്ക എന്നീ വിഭാഗങ്ങൾ ഉപയോഗിക്കുന്ന മരുന്നു ചെടികൾ, ആഹാരത്തിനുപയോഗിക്കുന്ന സസ്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയുടെ ലിസ്റ്റ് കുട്ടികൾ തയ്യാറാക്കി അവയുടെ തൈകൾ/വിത്തുകൾ ശേഖരിച്ച് നഴ്സറി തയ്യാറാക്കുന്നു. ഈ ചെടികളുടെ സവിശേഷതകൾ പ്രത്യേകം രജിസ്റ്ററായി തയ്യാറാക്കുന്നു | ജൂൺ-മാർച്ച് | വിഷയത്തിന്റെ അധ്യാപിക | |

## രസതന്ത്രം- ഭൗതികശാസ്ത്രം

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **അത്ഭുത കണ്ണിലൂടെ** : കൗതുകം, ജിഞ്ജാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പി | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടി കൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകു ന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യ ങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം<br><br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കുന്നു. | | | |
| **ശാസ്ത്ര ലോകത്തേയ്ക്ക്** : നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്\| ക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| **ഹൈടെക് വേൾഡ്**:മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ശാസിത്ര മാസിക പ്രസിദ്ധീകരണം<br><br>സയൻസ് ലാബ് ഐ.ടി ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമികവർഷം | സയൻസ് അധ്യാപക | |
| **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു | | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെൻറ് |

# ഭൗതികമേഖല

പൊതുവിദ്യാഭ്യാസവകുപ്പിന്റെ പല ഫണ്ടിംഗ് സ്രോതസ്സുകളും സമീപസ്ഥ സ്കൂളുകൾക്ക് ആവശ്യത്തിലധികം ലഭിച്ചിട്ടുണ്ടെങ്കിലും അധികം ശ്രദ്ധ നോടാത്ത സ്ഥാപനമാണ് ജി.എച്ച്.എസ് മാതമംഗലം. ഓരോ അധ്യയനവർഷത്തെ അംഗസംഖ്യ എടുത്തുനോക്കിയാലും നുൽപ്പുഴ പഞ്ചായത്തിലെ പിന്നാക്കവിഭാഗങ്ങൾ ഏറ്റവും കൂടുതലായി പഠിക്കുന്ന ഒരു സ്ഥാപനമായി നമ്മുടെ സ്കൂൾ മാറിയിരിക്കുന്നു. ആകർഷകമല്ലാത്തതും കാലപ്പഴക്കം ചെന്നതുമായ കെട്ടിടമാകയാൽ ദൂരക്കാഴചയിൽ സ്കൂൾ അത്ര ശ്രദ്ധാകേന്ദ്രമല്ല.

## നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം

നിലവിൽ മൂന്ന് പ്രധാനകെട്ടിടങ്ങളാണ് സ്കൂളിനുള്ളത്. കൂടാതെ ലൈബ്രറിക്കും, പ്രീ-പ്രൈമറിക്കും ഒന്നാം ക്ലാസിനും ഓരോന്നുവീതവും. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗങ്ങൾ | ക്ലാസ് മുറികളുടെ എണ്ണം | അളവ് | നിർമ്മിച്ച വർഷം | ഉപയോഗപ്രദമായത് |
|---|---|---|---|---|
| ഹൈസ്കൂൾ | 6 | 6x6 | 2011 | 6 |
| യു പി വിഭാഗം | 8 | 6x6 | 1990 | 8 |
| എൽ.പി വിഭാഗം | 8 | 6x6 | 1998 | 8 |
| പ്രീ-പ്രൈമറി | 2 | 6x6 | 2004 | 2 |
| കമ്പ്യൂട്ടർ ലാബ് | 1 | 9x6 | 2011 | 1 |
| സയൻസ് ലാബ് | 1 | 9x6 | 2008 | 1 |
| ലൈബ്രറി | 1 | 9x6 | 2008 | 1 |
| ഓഫീസ് മുറി | 1 | 6x6 | 1998 | 1 |
| **ആകെ ക്ലാസ്മുറികൾ** | **24** | | | 24 |
| **ആകെ ടോയ്‌ലെറ്റുകൾ** | **30** | | | 24 |

## ഹൈടെക് ക്ലാസ്മുറികൾ

നിലവിലുള്ള 24 ക്ലാസ്സുറികളിൽ 6 ഹൈസ്കൂൾ ക്ലാസ്മുറികളും കമ്പ്യൂട്ടർ ലാബും മാത്രമാണ് ഹൈടെക് ആയിട്ടുള്ളത്. എൽ.പി, യു.പി വിഭാഗങ്ങളിൽ കൊണ്ടുപോകാവുന്ന തരത്തിലുള്ള ഹൈടെക് സൗകര്യങ്ങളാണുള്ളത്

## നിലവിലുള്ള കമ്പ്യൂട്ടറുടെ എണ്ണം

പഞ്ചായത്ത് നൽകിയ 10-ഉം വിദ്യാകിരണം പദ്ധതി മുഖാന്തിരമുള്ള 59 ലാപ്പ്ടോപ്പുമാണ് സ്കൂളിലുള്ളത്. ഒന്നുമുതൽ പത്തു വരെയുള്ള കുട്ടികൾക്ക് ഈ സൗകര്യങ്ങളാണ് ഉപയോഗിക്കുന്നത്.

| | അനുവദിച്ച വർഷം | എണ്ണം | ഉപയോഗപ്രദം | ഉപയോഗശൂന്യം | തിരിച്ചുകൊടുത്തത് |
|---|---|---|---|---|---|
| ലാപ്പ്ടോപ്പ് | 2010-11 | 10 | 10 | 0 | 0 |
| ലാപ്പ്ടോപ്പ് (വിദ്യാകിരണം) | 2020-21 | 119 | 55 | 18 | 46 |
| ലാപ്പ്ടോപ്പ് | 2022-23 | 5 | 5 | 0 | 0 |
| ലാപ്പ്ടോപ്പ് | 2024-25 | 1 | 1 | 0 | 0 |

## അനുവദിക്കപ്പെട്ട ഫണ്ടുകൾ

2011-ൽ RMSA ഹൈസ്കൂളിന് അനുവദിച്ച 70 ലക്ഷം രൂപയ്ക്ക് ശേഷം 2023-ൽ പൊതുഫണ്ടിൽനിന്നും 3 കോടി രൂപ കെട്ടിടത്തിനായി ലഭിച്ചിട്ടുണ്ട്. ആയതിന്റെ പണികൾ പുരോഗമിക്കുന്നു. ജില്ലാപഞ്ചായത്തിൽനിന്നും മെയിന്റനൻസ് ഇനത്തിലും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതുവരെ ലഭിച്ച ഫണ്ടുകളുടെ വിശദവിവരം താഴെ സൂചിപ്പിക്കുന്നു.

| | ഫണ്ട് | വർഷം | അടങ്കൽ തുക | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | എം പി (ശ്രീ.പി.രാജീവ്) | | 10 ലക്ഷം | ലൈബ്രറി |
| 2 | എം.എൽ.എ (ശ്രീ.ഐ.സി.ബാല കൃഷ്ണൻ) | 2011-12 | 8 ലക്ഷം | ഊട്ടുപുര |
| 3 | ആർഎംഎസ്എ | 2012-13 | 70 ലക്ഷം | ഹൈസ്കൂൾ കെട്ടിടം |
| 4 | ജില്ലാപഞ്ചായത്ത് | 2014-15 | 5 ലക്ഷം | ചുറ്റമതിൽ |
| 5 | ജില്ലാപഞ്ചായത്ത് | 2017-18 | 10 ലക്ഷം | കിണർ |
| 6 | ജില്ലാപഞ്ചായത്ത് | 2018-19 | 5 ലക്ഷം | മെയിന്റനൻസ് |
| 7 | ജില്ലാപഞ്ചായത്ത് | 2018-19 | 2 ലക്ഷം | വൈദ്യുതി |
| 8 | ജില്ലാപഞ്ചായത്ത് | 2023-24 | 20 ലക്ഷം | മെയിന്റനൻസ് |
| | പ്ലാൻ ഫണ്ട് | 2023-24 | 3 കോടി | പുതിയ കെട്ടിടം |

പൊതുവിദ്യാലയത്തിന്റെ അക്കാദമിക നിലവാരവും ഭൗതികനിലവാരവും മെച്ചപ്പെടുത്തി സമഗ്രഗുണമേന്മാപദ്ധതിയുടെ കരുത്തുറ്റ ഭാഗമാകാൻ ജി.എച്ച്.എസ് മാതമംഗലവും പുതിയ പദ്ധതികൾക്ക് രൂപം നൽകുകയാണ്. അധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും ജനപ്രതിനിധികളും കൈകോർത്ത് മുന്നേറുന്ന ഒരു വലിയ മാതൃകായജ്ഞമാണ് ഈ സംരംഭം.

മാതമംഗലം ഗവ.ഹൈസ്കൂളിൽ 2025-26 അധ്യയനവർഷത്തിൽ 474 വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്. പ്രീ-പ്രൈമറി കുട്ടികളുടെ എണ്ണവും കൂടി ചേർത്താൽ അത് 499 ആകും. ഈ കുട്ടികളുടെ പഠനം ശരിയായ രീതിയിൽ നടത്തുന്നതിന് 27 അധ്യാപകരും ഹെഡ്മാസ്റ്ററും 5 അനധ്യാപകരുമാണ് ഉള്ളത്. 474 കുട്ടികളിൽ 244 വിദ്യാർഥികളും പിന്നാക്ക (എസ്.സി/എസ്.ടി) വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. ഈ കുട്ടികൾക്കുവേണ്ട ഉയർന്ന തരത്തിലുള്ള വിദ്യാഭ്യാസവും സാംസ്കാരികപുരോഗതിയും അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കേണ്ടത് സമൂഹത്തിന്റെ ചുമതലയാണ്. സ്കൂളിലെ ഭൗതികസാഹചര്യങ്ങളുടെ ഉയർന്നനിലവാരം കുട്ടികളുടെ എണ്ണത്തിലും വർധനവുണ്ടാക്കും. ആയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കാൻ തീരുമാനിച്ചത്. ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ രൂപകൽപ്പന ചെയ്ത വികസനപദ്ധതിയാണ് **"വിഷൻ 2030".**

**പ്രവർത്തനങ്ങൾ**

- ➔ പി.ടി.എ യുടെ നേതൃത്വത്തിൽ രക്ഷാതൃസമിതികൾ, പൂർവ്വവിദ്യാർഥിസംഘടനകൾ എന്നിവ ശാക്തീകരിച്ചുകൊണ്ട് നല്ലൊരു സാമൂഹികാന്തരീക്ഷം ഉണ്ടാക്കിയെടുക്കുക.
- ➔ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പിന്തുണ ഉറപ്പാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തി വിദ്യാർഥികൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ചെടുക്കുക.
- ➔ മാതമംഗലം പ്രദേശത്തിന്റെ കലാ-കായിക-വിദ്യാഭ്യാസകേന്ദ്രം എന്ന നിലയ്ക്ക് ജനകീയ കൂട്ടായ്മ വിദ്യാലയവികസനത്തിനുവേണ്ടി ഉയർത്തിക്കൊണ്ടുവരിക.

**കെട്ടിടനിർമ്മാണരൂപരേഖ**

ഭാവിയിൽ വിദ്യാലയവികസനത്തിന് ശാസ്ത്രീയമായ കാഴ്ചപ്പാടുകളോടെ രൂപകല്പന ചെയ്തിട്ടുണ്ട്. കലാകായികരംഗത്തെ വികസനമുൾപ്പടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ സാധ്യതകൾകൂടി മുൻകൂട്ടികണ്ടുകൊണ്ടാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിന് ശാസ്ത്രീയമായ സംവിധാനങ്ങൾ അവലംബിച്ച് ഡിജിറ്റൽ സർവ്വേയിലൂടെ സ്ഥലവിസ്തൃതി തിട്ടപ്പെടുത്തിയിട്ടുണ്ട്. നിർദ്ദിഷ്ടകെട്ടിടങ്ങൾ ആർക്കിടെക്റ്റിന്റേയും എൻജിനീയർമാരുടെയും നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തികവർഷത്തിൽ സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മാതമംഗലം സ്കൂളിന് 3 കോടി രൂപ വകയിരുത്തി. രണ്ടു നിലയും 10 ക്ലാസ് മുറികളും ഓഫീസ്, കമ്പ്യൂട്ടർ ലാബ്, സ്റ്റാഫ് റൂം എന്നിവയടങ്ങുന്ന കെട്ടിടമാണിത്. നിലവിലുള്ള ലൈബ്രറി കെട്ടിടത്തിന്റെ അടുത്തുനിന്ന് ഗ്രൗണ്ടിന് അഭിമുഖമായാണ് ഈ കെട്ടിടം നിർമ്മിക്കാൻ തീരുമാനമായിട്ടുള്ളത്. അതിനാൽത്തന്നെ പുതിയ കെട്ടിടം പണികഴിഞ്ഞാലുടൻ ഇപ്പോൾ യു.പി വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു നീക്കി 70 മീറ്റർ നീളത്തിലുള്ള ഗ്രൗണ്ടും ആധുനികവത്കരിക്കുകയാണ് നിർദ്ദിഷ്ടപദ്ധതിയുടെ ലക്ഷ്യം.

## ഇനിയുള്ള നാളുകളിൽ

ഭാവിയിൽ സ്കൂളിന് ഏതെങ്കിലും തരത്തിലുള്ള ഫണ്ട് അനുവദിക്കുകയാണെങ്കിൽ രണ്ട് സ്ഥലങ്ങളാണ് തീരുമാനിച്ചിട്ടുള്ളത്. 1. ഓഫീസിന്റെ മുന്നിൽനിന്ന് റോഡിന് എതിരായി ചുമരിനോട് ചേർന്ന് നീളത്തിലുള്ള കെട്ടിടം. 2. നിലവിലെ എൽ.പി വിഭാഗം കെട്ടിടം പൊളിച്ചുനീക്കി രണ്ടോ മൂന്നോ നിലയുള്ള കെട്ടിടം. ഈ രണ്ടു സ്ഥലങ്ങളാണ് ഗ്രൗണ്ട് നിലനിർത്തിക്കൊണ്ട് കെട്ടിടം പണിയുന്നതിനായി കണ്ടുവെച്ചിട്ടുള്ളത്. സ്കൂളിന്റെ കോണ്ടൂർ രേഖയും ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

## സാങ്കേതികസഹായങ്ങൾ

സർക്കാർ സംവിധാനങ്ങളുടെ സഹായം ഈ മേഖലയിൽ നമുക്ക് LSGD വഴി ലഭിച്ചുവരുന്നുണ്ട്. PWD എൻജിനീയർമാരുടെ സഹായം നമുക്ക് ലഭ്യമാക്കാമെന്ന് നിലവിൽ ഉറപ്പുനൽകിയിട്ടുണ്ട്.

അന്താരാഷ്ട്രനിലവാരമുള്ള വിദ്യാലയമെന്നനിലയിൽ മാതമംഗലം സ്കൂളിനെ രൂപകല്പന ചെയ്യുമ്പോൾ സാങ്കേതികപൂർണത ഉറപ്പുവരുത്തേണ്ടതുണ്ട്. വിവിധ ഘട്ടങ്ങളിൽ ഏജൻസികളിൽനിന്ന് ലഭിക്കുന്ന ഫണ്ട് വിനിയോഗത്തിൽ മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചതുപ്രകാരംതന്നെ കെട്ടിടനിർമ്മാണം നടക്കുന്നു എന്ന് ഉറപ്പുവരുത്തണം.. മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് വിദ്യാലയ അധികാരികളും സ്കൂളുമായി നേരിട്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണഅംഗങ്ങളും ഉൾപ്പെട്ട മോണിറ്ററിംഗ് സമിതി ഇതിന്റെ ഭാഗമായി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

## അക്കാദമിക പരിശിലനങ്ങൾ

- LSS , USS, NMMS, സംസ്കൃതം, ഉറുദു ടാലന്റ് എക്സാം തുടങ്ങിയ എല്ലാ സ്കോളർഷിപ്പുകൾക്കും ക്ലാസ് സമയത്തിനുശേഷം പരിശീലനം നല്കുന്നു.
- സ്കോളർഷിപ്പ് മാതൃകാ പരീക്ഷകൾ നടത്തുന്നു.
- ന്യൂമാത്സ് പരിശീലനം
- അബാക്കസ്

***വിദ്യാർഥികളുടെ കായികവും മാനസികവും സർഗാത്മകവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ***

- ➔ കരാട്ടെ
- ➔ അബാക്കസ്
- ➔ ചെണ്ട
- ➔ എംബ്രോയ്ഡറി
- ➔ ഫുട്ബോൾ
- ➔ വോളിബോൾ

## സാമൂഹികം

- **ജനറൽ ക്ലബ്ബുകൾ**
- **വിദ്യാരംഗം**
- **പരിസ്ഥിതിക്ലബ്**

### ലഹരിവിരുദ്ധ ക്ലബ്

- ലഹരിവിരുദ്ധ ദിനാചരണം
- ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മാണം
- ലഹരിവിരുദ്ധ റാലി
- ഫ്ലാഷ് മോബ്
- ലഹരിവിരുദ്ധ സെമിനാർ
- ഡോക്യുമെന്ററി പ്രദർശനം

### ദുരന്തനിവാരണ ക്ലബ്

- NDRF Training

- First-aid Training
- Field visit
- Rain gauge implementation

## JUNIOR RED CROSS

- Seminar - Health and Hygiene
- First aid Training
- Old age Home visit
- Personal Hygiene campaign – Home and School

## ഹെൽത്ത് ക്ലബ്

- First-aid Training
- Medical Camp
- Health awareness programme

## പി.ടി.എ

- CPTA എല്ലാമാസവും കൂടി കുട്ടികളുടെ മികവ്, പോരായ്മ അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്നു.
- വളരെ ശക്തമായ അധ്യാപക-രക്ഷാകർതൃബന്ധം
- കോർണർ പി.ടി.എ
- ഗൃഹസന്ദർശനം
- പ്രാദേശിക പി.ടി.എ രൂപീകരണം
- വിദ്യാലയത്തിലെ പരിപാടികളിൽ രക്ഷകർത്താക്കളെക്കൂടി ഉൾപ്പെടുത്തുന്നു

## ഏകദിന/ദ്വിദിന സാംസ്കാരിക പഠനയാത്ര

പഠനത്തോടൊപ്പംതന്നെ പ്രാധാന്യമുള്ളതാണ് സാമൂഹിക-സാംസ്കാരികരംഗങ്ങളിലെ കുട്ടികളുടെ അറിവും മികവും. അതിനായി ഓരോ ക്ലാസിലെ കുട്ടികൾക്കും അവരുടെ പ്രായത്തിനും നിലവാരത്തിനും അനുയോജ്യമായ യാത്രകളും സന്ദർശനങ്ങളും നടത്തേണ്ടതുണ്ട്. ഈ അക്കാദമിക വർഷത്തിൽ വിവിധ ക്ലാസുകളിലെ കുട്ടികൾ അറിഞ്ഞിരിക്കേണ്ടതും കണ്ടിരിക്കേണ്ടതുമായ സ്ഥലങ്ങളെ താഴെകൊടുക്കുന്നു. ജൂൺ മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ ഇവയെല്ലാം സന്ദർശിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

## പഠനയാത്രയിലെ പ്രധാന സ്ഥലങ്ങൾ

പഴശ്ശി സ്മാരകം- മാനന്തവാടി - എൽ .പി വിദ്യാർഥികൾ

വൈത്തിരി ജൈവവൈവിധ്യ പാർക്ക് - യു പി വിദ്യാർഥികൾ

മുത്തങ്ങ വന്യജീവി സംരക്ഷണ കേന്ദ്രം - ഹൈസ്കൂൾ വിദ്യാർഥികൾ

കല്ലുമുക്ക് വന-പരിസ്ഥിതി സംരക്ഷണകേന്ദ്രം- പരിസ്ഥിതി ക്ലബ്

ചുരംപാത – പ്രകൃതി പഠനയാത്ര - പരിസ്ഥിതി ക്ലബ്

എടയ്ക്കൽ ഗുഹാചിത്രങ്ങൾ- സോഷ്യൽസയൻസ് ക്ലബ്

അമ്പലവയൽ – പൈതൃക മ്യൂസിയം- സോഷ്യൽസയൻസ് ക്ലബ്

എൻ ഊര്- ഗോത്രപൈതൃക ഗ്രാമം - ഹൈസ്കൂൾ വിദ്യാർഥികൾ

## ഉപസംഹാരം

**2025-26** അധ്യയനവർഷത്തെ
സമഗ്രഗുണമേന്മാപദ്ധതിയുടെ ഭാഗമായി
തയ്യാറാക്കിയിട്ടുള്ള ഈ മാസ്റ്റർ പ്ലാൻ
മാതമംഗലം സ്കൂളിന്റെ പുതിയ അക്കാദമികവും
ഭൗതികവുമായ മുന്നേറ്റത്തിന്
ഏറെ പ്രചോദനത്മകമാണ്.
ഇതിന് സകല പിന്തുണയും
നൽകിയ എല്ലാ അധ്യാപകർക്കും
അനധ്യാപകർക്കും പിടിഎ
ഭാരവാഹികൾക്കും നന്ദി. എല്ലാവരുടെയും
കൂട്ടായ്മയിലൂടെ കേരളത്തിന്റെ
വികസന പാതയോടൊപ്പം
ജി.എച്ച്.എസ് മാതമംഗലത്തിനും
പുതിയ തലങ്ങൾ കണ്ടെത്താൻ കഴിയട്ടെ
എന്ന് ആശംസിക്കുന്നു.

നന്ദി....

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

## ഗവൺമെന്റ് ഹൈസ്കൂൾ മാതമംഗലം

നായ്ക്കട്ടി പി.ഒ, സുൽത്താൻ ബത്തേരി. വയനാട്- 673592

ഫോൺ :04936 270060. Email : ghsmathamangalam@gmail.com